# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്

ഏപ്രിൽ 17

APRIL 17

2019

*1194 മേടം 03* ബുധൻ

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## പ്രശ്നബാധിത ബൂത്തുകളിലെ വോട്ടെടുപ്പ് കളക്ടർ തൽസമയം നിരീക്ഷിക്കും

തെരഞ്ഞെടുപ്പ് ദിനത്തിൽ ജില്ലയിലെ 43 പ്രശ്നബാധിത ബൂത്തുകളിലെ പ്രവർത്തനങ്ങൾ വരണാധികാരിയായ ജില്ലാകളക്ടർ ഡോ ഡി സജിത് ബാബു കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ ഒരുക്കിയ കൺട്രോൾ റൂമിൽ നിന്നും വെബ്കാസ്റ്റിങ് വഴി നിരീക്ഷിക്കും.പ്രശ്നബാധിത ബൂത്തുകളോരോന്നിലും സെറ്റ് ചെയ്തു വച്ചിട്ടുള്ള വെബ്ക്യാമറയിൽ നിന്നുള്ള തൽസമയ ദൃശ്യങ്ങളാണ് കൺട്രോൾ റൂമിൽ നിന്ന് വീക്ഷിക്കുക.ബൂത്തുകളിൽ പ്രിസൈഡിംഗ് ഓഫീസർക്ക് സമീപത്തായി സ്ഥാപിക്കുന്ന വെബ്ക്യാമറ, വോട്ടർ പോളിങ് ബൂത്തിനകത്ത് പ്രവേശിക്കുന്നതു മുതലുള്ള പ്രവർത്തനങ്ങളാണ് ഒപ്പിയെടുക്കുക.അക്ഷയക്കാണ് വെബ്കാസ്റ്റിങ്ങിന്റെ ചുമതല.ബിഎസ്എൻ എൽ ആണ് വെബ്കാസ്റ്റിങ്ങിന് ആവിശ്യമായ നെറ്റ് വർക്ക് നൽകുന്നത്.

കാസർകോട് നിയോജകമണ്ഡലത്തിൽ നാലും ഉദുമയിൽ മൂന്നും കാഞ്ഞങ്ങാട് 13 ഉം തൃക്കരിപ്പൂർ 23 ഉം പ്രശ്നബാധിത ബൂത്തുകളാണ് ഉള്ളത്. ഏപ്രിൽ 20 നും 22 നും പരീക്ഷണാടിസ്ഥാനത്തിൽ വെബ്കാസ്റ്റിങ്ങിന്റെ ട്രയൽ റൺ

നടത്തും.കളക്ടറേറ്റിലെ കൺട്രോൾ റൂമിൽ വെബകാസ്റ്റിങ് നിരീക്ഷിക്കുന്നത് കളക്ടർക്ക് പുറമേ ,ഇലക്ഷൻ ജീവനക്കാർ,എൻ.ഐ.സി ജീവനക്കാർ,കെഎസ്ഇബി ജീവനക്കാർ, ബിഎസ്എൻ എൽ ജീവനക്കാർ എന്നിവരുടെ ഒരു പാനൽ തന്നെയുണ്ടാകും.

## ഇലക്ഷൻ കമ്മീഷൻ നിർദേശിച്ച 11 രേഖകളിൽ ഒന്ന് ഹാജരാക്കി വോട്ട് ചെയ്യാം

വോട്ടെടുപ്പ് ദിനത്തിൽ സമ്മതിദാന അവകാശം വിനിയേഗിക്കാൻ പോളിങ് ബൂത്തിൽ എത്തുന്ന വോട്ടർമാർ,ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ രേഖയോ, കമ്മീഷൻ നിർദേശിച്ച 11 രേഖകളിൽ ഏതെങ്കിലും ഒന്നോ ഹാജരാക്കിയാൽ മാത്രമേ സമ്മതിദാന അവകാശം വിനിയോഗിക്കാൻ സാധിക്കൂമെന്ന് ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു അറിയിച്ചു.

പാസ്പോർട്ട്, ഡ്രൈവിങ് ലൈസൻസ്,ഫോട്ടോ പതിച്ച കേന്ദ്ര-സംസ്ഥാന പബ്ലിക് സെക്ടർ അണ്ടർടെക്കിങ്ങ്,പബ്ലിക് ലിമിറ്റഡ് കമ്പനി ജീവനക്കാരുടെ തിരിച്ചറിയൽ കാർഡ് ,ബാങ്കോ,പോസ്റ്റോ ഓഫീസോ നൽകിയ ഫോട്ടോ പതിച്ച പാസ്ബുക്ക്,പാൻകാർഡ്,ആർ ജി ഐ നൽകിയ സ്മാർട് കാർഡ്, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽ കാർഡ്,തൊഴിൽ മന്ത്രാലയത്തിന്റെ പദ്ധതി പ്രകാരമുള്ള ആരോഗ്യ ഇൻഷുറൻസ് സ്മാർട് കാർഡ്,ഫോട്ടോ പതിച്ച പെൻഷൻ രേഖ,എം പിമാർക്കും എം എൽ എമാർക്കും നൽകുന്ന ഔദ്യോഗിക തിരിച്ചറിയൽ കാർഡ്,ആധാർ കാർഡ് എന്നിവയാണ് ഈ 11 രേഖകൾ.

## ഗതാഗതം പുന:ക്രമീകരിച്ചു

പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള തെക്കിൽ - ആലട്ടി റോഡിൽ ബേഡകത്ത് കലുങ്കുകളുടെയും പാർശ്വഭിത്തികളുടെയും പ്രവൃത്തി നടക്കുന്നതിനാൽ ഇതുവഴിയുള്ള ഗതാഗതം ഏപ്രിൽ 27 വരെ പുന:ക്രമീകരിച്ചു. ബന്തടുക്ക ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ബിംബുങ്കാലിൽ നിന്നും ചെമ്പക്കാട് വഴി ബേഡകത്തേക്കും പൊയിനാച്ചി ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ബേഡകത്ത് നിന്ന് ചെമ്പക്കാട് വഴി ബീംബുങ്കാലിലേക്കും തിരിച്ചു വിടും.

## രജിസ്ട്രേഷൻ ക്യാമ്പ്

വനം വകുപ്പിന്റെ വിവിധ തടി ഡിപ്പോകളിലെ ഇ-ലേലത്തിൽ പങ്കെടുക്കുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ ക്യാമ്പ് ഏപ്രിൽ 23 ന് രാവിലെ പത്തു മുതൽ കാസർകോട് ദേലമ്പാടി, പരപ്പ സർക്കാർ തടിഡിപ്പോ ഓഫീസിൽ നടത്തും. താൽപര്യമുള്ളവർ പാൻകാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവ സഹിതം എത്തിച്ചേരണം.കൂടുതൽ വിവരങ്ങൾക്ക് 8547602862, 8547602863.

## സാധ്യതാ പട്ടിക പ്രസിദ്ധീകരിച്ചു

പി എസ് സി 353/2016 കാറ്റഗറി നമ്പർ പ്രകാരം കാസർകോട് ജില്ലയിലെ ജുഡിഷ്യൽ വകുപ്പിലെ പ്രോസസ്സ് സെർവർ തസ്തികയിലേക്ക് നടത്തിയ പരീക്ഷയുടെ സാധ്യതാ പട്ടിക പ്രസിദ്ധീകരിച്ചു. സാധ്യതാ പട്ടിക,ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ പരിശോധനയ്ക്ക് ലഭ്യമാണ്.

**(തുടരും)**